**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2565** **27-02-2023 - ൽ മറുപടിയ്ക്ക്**

**ദ്യുതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണ മേഖലയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ വൈദ്യുതി വിതരണ മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് ദ്യുതി-1. ദ്യുതി-1 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 4139 കി.മീ. 11 കെ വി OH ലൈനും 1127 കി.മീ. 11 കെ വി എബിസി ലൈനും 582 കി.മീ. ഭൂഗർഭ കേബിളുകളും 41.3 കി.മീ. കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും 3633 കി.മീ. LT ലൈനും പുതുതായി നിർമിക്കുകയും, അപ്ഗ്രഡേഷൻ ഉൾപ്പെടെ 6546 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 75249 km എൽ.ടി ലൈനും 2684 km<br>11 കെ വി OH ലൈനും റീ കണ്ടക്ടറിങ് നടത്തുകയും 6200 കി.മീ. എൽ ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 3416 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>വിതരണ രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പു വരുത്താനുമായി ദ്യുതി 2.0 (2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ) വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളാണ് വൈദ്യുതി വിതരണ ശൃംഖലയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനു ഇനി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ദ്യുതി 2.0 ൽ 4016.10 കോടി രൂപയുടെ പദ്ധതി രൂപ രേഖ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ദ്യുതി പദ്ധതി പ്രകാരം വിതരണ മേഖലയിൽ ഈ | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം |

| | | | |
|---|---|---|---|
| | സർക്കാർ നടപ്പിലാക്കിയ പ്രവൃത്തികൾ അറിയിക്കാമോ? | | ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 2207 കി.മീ. 11 കെ വി OH ലൈനും 721 കി മി 11 കെ വി എബിസി ലൈനും 420 കി.മീ. ഭൂഗർഭ കേബിളുകളും 26 കി.മീ. കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും 2080 കി.മീ. LT ലൈനും പുതുതായി നിർമിക്കുകയും, അപ്ഗ്രഡേഷൻ ഉൾപ്പെടെ 2660 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 32628 km എൽ.ടി ലൈനും 1468 km 11 കെ വി OH ലൈനും റി കണ്ടക്ടറിങ് നടത്തുകയും 2115 കി.മീ. എൽ ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദ്യുതി 1 പദ്ധതിയിൽ മാത്രം 1180.26 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ